**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 816** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൽ ജീവൻ മിഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പദ്ധതികളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്ന മിഷൻ പീരിഡ്, പിന്നീടത് 2025 വരെ ദീർപ്പിക്കുകയും, നിലവിൽ JJM 2.0 പ്രകാരം മിഷൻ കാലാവധി 2028 ഡിസംബർ വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.40 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 70.08 ലക്ഷം വീടുകളിൽ 38.80 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് **(**55.5%**).**

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 4 ജില്ലകളിൽ മാത്രമാണ് 25% മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം , തൃശ്ശൂർ).

ഇപ്പോൾ 7 ജില്ലകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).

3 ജില്ലകൾ 45% ന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം).

മറ്റ് ജില്ലകൾ – 30% ന് മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 123 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 529 പഞ്ചായത്തുകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു.

9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

**(ബി)** ജൽ ജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേരളത്തിൽ ജൽ ജീവൻ മിഷൻ പദ്ധതികളുടെ പ്രധാന നിർവ്വഹണ ഏജൻസി (implementing agency) കേരള വാട്ടർ അതോറിറ്റിയാണ്. പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനും പ്രതിസന്ധികൾ ഒഴിവാക്കുന്നതിനുമായി ബഹു.മുഖ്യമന്ത്രി, ബഹു.മന്ത്രിമാർ, ബഹു. എം എൽ എമാർ, ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങിയവരുടെ നേതൃത്വത്തിൽ നിരന്തരമായ അവലോകന യോഗങ്ങളും (review meetings) വകുപ്പുതല കോർഡിനേഷൻ യോഗങ്ങളും നടത്തിവരുന്നുണ്ട്.

ഇത്തരം ഉന്നതതല യോഗങ്ങളിലൂടെ വാട്ടർ അതോറിറ്റിക്കും മറ്റ് വകുപ്പുകൾക്കും ഇടയിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിച്ച് പദ്ധതി ലക്ഷ്യത്തിലെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** ജൽ ജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**മറുപടി: കേന്ദ്ര വിഹിതം ലഭ്യമാകുന്നത്**

2024-25 വർഷത്തേക്കുള്ള എല്ലാ നിബന്ധനകളും കേരളം പാലിച്ചിട്ടും 2024-25 വർഷത്തേക്കുള്ള രണ്ടാം ഗഡു കേന്ദ്രസർക്കാർ നൽകിയില്ല. 2024 നവംബർ മുതൽ സംസ്ഥാന വിഹിതം സമയബന്ധിതമായി നൽകിയിട്ടും ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടും കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.

ഇനി മുതൽ കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്നത് SNA-SPARSH അക്കൗണ്ട് വഴിയായിരിക്കും. ഇതിൽ MVS (മൾട്ടി വില്ലേജ് സ്കീം) പദ്ധതികൾക്ക് റീഇംബേഴ്സ്മെന്റ് രീതിയിൽ ആയിരിക്കും ലഭ്യമാകുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഭൂരിഭാഗവും MVS പദ്ധതികളാണ് (മൾട്ടി വില്ലേജ് സ്കീം). കേന്ദ്രസഹായം റീഇംബേഴ്സ്മെന്റ് രീതിയിൽ നൽകുന്നത് ബിൽ പേയ്മെന്റ് വൈകാൻ ഇടയാക്കും. അതിനാൽ MVS പദ്ധതികൾക്കും റീഇംബേഴ്സ്മെന്റ് രീതിക്ക് പകരം മുൻകൂർ രീതിയിൽ കേന്ദ്ര വിഹിതം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഭൂമി ലഭ്യത**

ആകെ ആവശ്യമായ 189.64 ഏക്കർ ഭൂമിയിൽ നിന്ന് 179.91 ഏക്കർ ഭൂമി വിവിധ തലങ്ങളിലുള്ള സർക്കാർ ഇടപെടലുകൾ വഴി പദ്ധതിക്കായി ലഭ്യമാക്കിയിട്ടുണ്ട്. 32 ഇടങ്ങളിലായി 9.61 ഏക്കർ ഭൂമി ഇനിയും ലഭിക്കാനുണ്ട്.

**മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതികൾ**

പ്രവൃത്തികൾക്കായി PWD/NHAI-യിൽ നിന്ന് വേഗത്തിലുള്ള റോഡ് പുനഃസ്ഥാപന അനുമതികളും മറ്റ് ഏജൻസികളിൽ നിന്ന് (റെയിൽവേ/വനം) ക്ലിയറൻസുകളും ആവശ്യമാണ്.

**(ഡി)** സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിത കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ജൽ ജീവൻ മിഷന്റെ പങ്ക് എങ്ങനെ വിലയിരുത്തുന്നു; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും സുരക്ഷിത കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ജൽ ജീവൻ മിഷൻ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം മതിയായ അളവിൽ തടസ്സമില്ലാതെ, താങ്ങാനാവുന്ന നിരക്കിൽ ലഭ്യമാക്കി ഗ്രാമീണ ജനങ്ങളുടെ ജീവിതനിലവാരവും പൊതുജനാരോഗ്യവും സാമൂഹിക ക്ഷേമവും മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ എല്ലാ വീടുകളിലും പൈപ്പ് വഴി കുടിവെള്ളം നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിലൂടെ ജനങ്ങളുടെ ആരോഗ്യവും ജീവിതനിലവാരവും വലിയ രീതിയിൽ മെച്ചപ്പെടുന്നു.

കേരളത്തിൽ ആകെയുള്ള 70.08 ലക്ഷം കുടുംബങ്ങളിൽ ഇതുവരെ 38.90 ലക്ഷം കുടുംബങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ള കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ട്. ഈ നൽകപ്പെട്ട കണക്ഷനുകളിൽ 21.40 ലക്ഷം കണക്ഷനുകളും നൽകിയിരിക്കുന്നത് ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെയാണ്.

<u>പദ്ധതിയുടെ പ്രയോജനങ്ങൾ</u>

- **പൊതുജനാരോഗ്യം:** ഗുണനിലവാരമുള്ള കുടിവെള്ളം ഉറപ്പാക്കുന്നതിലൂടെ ജലജന്യ രോഗങ്ങൾ കുറയ്ക്കാനും കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താനും കഴിയും.
- **ജീവിതനിലവാരം മെച്ചപ്പെടൽ:** ഗ്രാമീണ കുടുംബങ്ങൾക്കും ഗ്രാമീണ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾക്കും മലയോര പ്രദേശങ്ങളിലെ കുടുംബങ്ങൾക്കും പദ്ധതിയിലൂടെ ഗണ്യമായ ഗുണം ലഭിക്കും. പ്രത്യേകിച്ച് വെള്ളം ശേഖരിക്കുന്നതിനായി ദൂരെ സഞ്ചരിക്കേണ്ടിവരുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും പദ്ധതി ഏറെ സഹായകരമാണ്.
- **എല്ലാവർക്കും കുടിവെള്ള ലഭ്യത:** താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാകുന്നു.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് പ്രതിമാസം 15 KL വരെ സുരക്ഷിത കുടിവെള്ളം സൗജന്യമായി ലഭ്യമാക്കുന്നു.

**(ഇ)** ജൽ ജീവൻ മിഷൻ പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട ഏജൻസികളുമായും നടത്തുന്ന ഏകോപന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേന്ദ്ര സർക്കാരുമായും വിവിധ വകുപ്പുകളുമായും മികച്ച

ഏകോപനമാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. ഇതിനായി താഴെ പറയുന്ന നടപടികളാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്.

ദേശീയ ജൽ ജീവൻ മിഷന്റെ (NJJM) നേതൃത്വത്തിൽ എല്ലാ മാസവും കൃത്യമായി ഓൺലൈൻ അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. ഇതിനുപുറമെ, പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും കേന്ദ്ര-സംസ്ഥാന ഏകോപനം ശക്തമാക്കുന്നതിനുമായി ഡൽഹിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നേരിട്ടുള്ള യോഗങ്ങളും സംഘടിപ്പിച്ച് വരുന്നു.

സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി, വകുപ്പ് മന്ത്രിമാർ, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വകുപ്പ് യോഗങ്ങൾ സ്ഥിരമായി നടത്തിവരുന്നുണ്ട്. ഇതിന് പുറമെ ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ (DWSM) യോഗങ്ങളും കൃത്യമായി ചേരുന്നു.

കേന്ദ്ര-സംസ്ഥാന-ജില്ലാ തലങ്ങളിൽ നടക്കുന്ന ഇത്തരം നിരന്തരമായ യോഗങ്ങളിലൂടെ വിവിധ വകുപ്പുകൾക്കിടയിലുള്ള തടസ്സങ്ങളും പ്രശ്നങ്ങളും വേഗത്തിൽ പരിഹരിക്കാനും, പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കുന്നു.

**(എഫ്)** ജൽ ജീവൻ മിഷൻ പദ്ധതികൾ വേഗത്തിലാക്കുന്നതിനും അവയുടെ ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ഭാവി പ്രവർത്തന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**മറുപടി:** മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്ന പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് മുന്നോട്ട് പോകുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

1. നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ
2. പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
3. പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
4. ഫീൽഡിലെ അവസ്ഥയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ ക്രമങ്ങൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യത്തിലെത്തിക്കുക

**സെക്ഷൻ ഓഫീസർ**